TRIDA **തിരുവനന്തപുരം വികസന അതോറിറ്റി**
ജയമാൻഷൻ, വഴുതക്കാട്, ശാസ്തമംഗലം. പി.ഒ, തിരുവനന്തപുരം- 695010
ഫോൺ: 2722748, 2722238, 2723177 ഫാക്സ്: 2726615
ഇമെയിൽ : tridasecretary@gmail.com വെബ്സൈറ്റ്: www.trida.kerala.gov.in

നമ്പർ.എസ്1/1042/2023/ട്രിഡ 08/09/2023

# നോട്ടീസ്

പാളയം ഏരിയയിൽ ട്രിഡ വിഭാവനം ചെയ്തിട്ടുള്ള അർബൻ ഓക്സിജൻ പാർക്ക് പദ്ധതിയ്ക്കായി പരിചയ സമ്പന്നനായ ഒരു ലാന്റ്സ്കേപ് ആർക്കിടെക്ടിന്റെ സേവനം ഒരു മാസകാലയളവിലേക്ക് ട്രിഡ പ്ലാനിംഗ് വിഭാഗത്തിലേക്ക് ആവശ്യമുണ്ട്. ആയതിലേക്കുള്ള സേവന വേതന വ്യവസ്ഥകൾ ചുവടെ ചേർത്തിരിക്കുന്നു.

1. സ്റ്റേറ്റ് ടൗൺ പ്ലാനിംഗ് വിഭാഗം **ACTP** യുടെ നേതൃത്വത്തിൽ പരിഷ്കരിച്ച് ഫൈനലൈസ് ചെയ്ത കൺസെപ്റ്റ് പ്ലാൻ അനുസരിച്ച് പാളയം അർബൻ ഓക്സിജൻ പാർക്കിനായി നഗരസഭയിൽ നിന്നും ഡവലപ്മെന്റ് പെർമിറ്റ് ലഭ്യമാക്കുന്നതിനാവശ്യമായ വിധത്തിൽ പെർമിറ്റ് ഡ്രോയിംഗ് രണ്ടാഴ്ച സമയത്തിൽ തയ്യാറാക്കി നൽകേണ്ടതാണ്. (ലേ ഔട്ട്, ലൊക്കേഷൻ സ്കെച്ച്, ക്രോസ് സെക്ഷനുകൾ തുടങ്ങി എല്ലാം **KMBR** പ്രകാരം ഉൾപ്പെട്ടിരിക്കണം)
2. വർക്ക് നടത്തുന്നതിനാവശ്യമായ വർക്കിംഗ് ഡ്രോയിംഗുകൾ (ചെടികൾ, മരങ്ങൾ എന്നിവയുടെ **position** കാണിച്ചു കൊണ്ടും) പ്ലംബിംഗ്, ഇലക്ട്രിക്കൽ ലേ ഔട്ടുകൾ വിശദ വിവരങ്ങളോടെയും മൂന്നാമത്തെ ആഴ്ചയിൽ നൽകേണ്ടതാണ്.
3. **Detailed estimate, Cash flow Statement, estimate report** എന്നിവ അടക്കം വിശദമായ പ്രൊജക്ട് റിപ്പോർട്ട് (DPR) നാലാമത്തെ ആഴ്ച സമർപ്പിക്കേണ്ടതാണ്. (ലാന്റ്സ്കേപ് ആർക്കിടെക്ട് വെറ്റ് ചെയ്ത്)
4. പ്രൊപ്പോസലിനോടൊപ്പം ലാന്റ്സ്കേപ് ആർക്കിടെക്ട് ആണ് എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ/വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കേണ്ടതാണ്.
5. മേൽ പറഞ്ഞ ഡ്രോയിംഗുകൾ കൃത്യം ഒരു മാസകാലയളവിനുള്ളിൽ തീർക്കുന്നതിന് 50,000/-രൂപ (അൻപതിനായിരും രൂപ മാത്രം) പ്രതിഫലമായി നൽകുന്നതാണ്.
6. പരിചയ സമ്പന്നതയ്ക്ക് മുൻഗണന നൽകുന്നതാണ്.

താൽപ്പര്യമുള്ള ലാന്റ്സ്കേപ് ആർക്കിടെക്ടുകൾ ട്രിഡ ഓഫീസുമായി ബന്ധപ്പെടുക.

ഓഫറുകൾ ലഭ്യമാക്കേണ്ട അവസാന തീയതി: 20/09/2023

ഒപ്പ്
സെക്രട്ടറി

ഉത്തരവിൻ പ്രകാരം

ഒപ്പ്

അസിസ്റ്റന്റ് ടൗൺ പ്ലാനർ I

b/-